പതിനാലാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 4063 21.10.2016-ലെ മറുപടിക്ക്

## ചടയമംഗലം നിയോജകമണ്ഡലത്തിലെ യാത്രാക്ലേശം പരിഹരിക്കൽ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മുല്ലക്കര രത്നാകരൻ | | ശ്രീ. എ.കെ. ശശീന്ദ്രൻ (ഗതാഗത വകുപ്പു മന്ത്രി) | |
| (എ) | കൊല്ലം ജില്ലയുടെ കിഴക്കൻ മലയോര കാർഷിക മേഖലയായ ചടയമംഗലം നിയോജകമണ്ഡലത്തിലേയ്ക്ക് വിവിധ ഡിപ്പോകളിൽ നിന്നും കെ.എസ്.ആർ.ടി.സി. നടത്തികൊണ്ടിരുന്ന സർവ്വീസുകൾ നിലച്ചതുമൂലം വന്നിട്ടുള്ള യാത്രാക്ലേശം സംബന്ധിച്ച പരാതികളും നിവേദനങ്ങളും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | എങ്കിൽ ഈ നിവേദനങ്ങളിലും പരാതികളിന്മേലും സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ; | (ബി) | നിലവിലുള്ള ചില ഷെഡ്യൂളുകൾ പുനക്രമീകരിച്ച് ചണ്ണപ്പേട്ട, കടയ്ക്കൽ മണലുവട്ടം, മാങ്കോട് തുടങ്ങിയ സ്ഥലങ്ങളിലേക്ക് സർവ്വീസുകൾ നടത്തുന്നുണ്ട്. നിലവിൽ കെ.എസ്.ആർ.ടി.സിക്ക് ബസ്സുകളുടെ ലഭ്യതക്കുറവുണ്ട്. പുതിയ ബസ്സുകൾ നിരത്തിലിറങ്ങുന്ന മുറയ്ക്ക് ടി പരാതികൾക്ക് പരിഹാരം കാണാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. |
| (സി) | കിളിമാനൂർ കെ.എസ്.ആർ.ടി.സി ഡിപ്പോയിൽ നിന്നുള്ള കിളിമാനൂർ - സംബ്രമം - കടയ്ക്കൽ, കിളിമാനൂർ - മന്ദിരംകുന്ന് - കടയ്ക്കൽ സർവ്വീസുകൾ പുനരാരംഭിച്ച് കൃത്യതയോടെ സർവ്വീസ് നടത്തുന്നതിന് നടപടി സ്വീകരിക്കുമോ? | (സി) | ടി സർവ്വീസുകളൊന്നും തന്നെ റദ്ദ് ചെയ്തിട്ടില്ല. ബസ്സിന്റെ ലഭ്യതക്കുറവ് മൂലം ചില ദിവസങ്ങളിൽ ടി സർവ്വീസുകൾ അയക്കുവാൻ കഴിഞ്ഞിട്ടില്ല. ടി സർവ്വീസുകൾ കൃത്യമായി ഓപ്പറേറ്റ് ചെയ്യുന്നതിനുള്ള നിർദ്ദേശം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ